## 18. വകുപ്പിൻെറ വസ്തുവകകൾ

വകുപ്പിൻെറ സ്ഥാവരജംഗമവസ്തുക്കളുടെയും ഉടമസ്ഥൻ വകുപ്പ് അദ്ധ്യക്ഷനാണ്. വകുപ്പിൻെറ മുഖ്യകാര്യാലയത്തിൻെറ ആസ്ഥാനം ആലപ്പുഴ യിലാണ്. എറണാകുളം, ചങ്ങനാശ്ശേരി, പയ്യന്നൂർ, കൊല്ലം എന്നിവിടങ്ങളിലായി മേഖലാ കാര്യലയങ്ങൾ ഉണ്ട്. വകുപ്പിൻെറ സർവ്വീസ് ഓപ്പറേഷൻ സുഗമമാക്കുന്നതിനായി ആലപ്പുഴ, എടത്വാ, നെടുമുടി, കാവാലം, പുളിങ്കുന്ന്, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം, മുഹമ്മ, കൊല്ലം, പാണാവള്ളി, എറണാകുളം, പയ്യന്നൂർ, പറശ്ശിനിക്കടവ് എന്നിവിടങ്ങളിലായി 14 സ്റ്റേഷൻ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ബോട്ടുകളുടെ അറ്റകുറ്റപ്പണി കൾക്കായി ആലപ്പുഴയിൽ ഒരു ഡോക്ക് ആൻറ് റിപ്പയർ വിഭാഗവും, എറണാകുളത്ത് തേവരയിൽ ഒരു മിനിവർക്ക്ഷോപ്പും പ്രവർത്തിച്ചു വരുന്നു. പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിട ങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നു.